LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി കണക്ഷൻ

213 (1943) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച വീടുകൾക്ക് കെ.എസ്.ഇ.ബി. വൈദ്യുതി കണക്ഷൻ നൽകാറുണ്ടോ?

ഉണ്ട്

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

മതിയായ ഉടമസ്ഥാവകാശരേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്രമീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് കെട്ടിടനമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതികണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതികണക്ഷൻ നല്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 4-5-2021-ലെ ബോർഡ് ഉത്തരവുപ്രകാരം, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020-ലെ റെഗുലേഷൻ 4 (9) പ്രകാരം, ലോടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും, പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശരേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും, സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും, കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഓൺ-ലൈൻ പഠന സൗകര്യത്തിനായി കെ.എസ്.ഇ.ബി. എന്തൊക്കെ കർമ്മപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്?

1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽനിന്നും നൽകുന്നുണ്ട്. ഇത് ഓൺലൈൻ പഠനത്തിനായി വൈദ്യുതി കണക്ഷൻ ആവശ്യപ്പെടുന്ന BPL വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുള്ള

വീടുകൾക്കും ബാധകമാണ്. വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെന്നുള്ള നിവേദനങ്ങളിൽ അവരുടെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പ്രത്യേക പരിഗണന നൽകിയും സൗജന്യമായി വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.എൽ. നൽകുന്നുണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി, വൈദ്യുതി എത്തിയിട്ടില്ലാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിവരുമെന്നും വളരെക്കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽതുക ചെലവഴിക്കേണ്ടി വരുമെന്നും കണക്കിലെടുത്ത് വൈദ്യുതീകരണപ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന, ജില്ലാതല സമിതികൾ 5-7-2021-ലെ ഗവൺമെന്റ് ഉത്തരവ് G.O.(Rt)no.87/2021/Power Department പ്രകാരം രൂപീകരിക്കുകയും, സമിതിയുടെ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതികണക്ഷൻ ഇല്ലാതെ ഓൺലൈൻ പഠനം സാധ്യമാകാത്ത എത്ര വീടുകൾക്ക് നാദാപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

ഓൺലൈൻ പഠന ആവശ്യത്തിനായി നൽകിയ വൈദ്യുതി കണക്ഷനുകൾ എന്ന കണക്ക് ലഭ്യമല്ല. കെട്ടിട നമ്പർ ഇല്ല എന്ന കാരണത്താൽ വൈദ്യുത കണക്ഷനുകൾ നിഷേധിക്കുന്നില്ല.

## വൈദ്യുതി ബോർഡിന്റെ നഷ്ടം

214 (1944) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വൈദ്യുതി ബോർഡ് എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നറിയിക്കാമോ?

2019-20–ലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം വൈദ്യുതി ബോർഡ് 269.55 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2020-21 വർഷത്തിലെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly